**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811** **12-06-2024 - ൽ മറുപടിയ്ക്ക്**

**സേഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി ദെലീമ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സേഫ് പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നാളിതുവരെ എത്ര വീടുകൾ നവീകരിച്ച് നൽകിയിട്ടുണ്ട്; വിശദമക്കാമോ; | (എ) | സേഫ് പദ്ധതി പ്രകാരം 2022-23 മുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12,356 ഗുണഭോക്താക്കളേയും, 4,572 പട്ടികവർഗ്ഗ ഗുണഭോക്താക്കളേയും തെരഞ്ഞെടുത്ത് ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും മുഴവൻ അപേക്ഷകളിലും തീരുമാനമെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയിലേക്ക് പട്ടികജാതി വിഭാഗത്തിൽ നിന്നും 50,930 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 7,451 അപേക്ഷകളും ലഭിച്ചിരുന്നു. ഇതിൽ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലാത്ത അപേക്ഷകരെ പരിഗണിച്ചിട്ടില്ല. |
| (സി) | സേഫ് പദ്ധതിയുടെ ധനസഹായ വിഹിതം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | സേഫ് പദ്ധതിയുടെ ധനസഹായ വിഹിതം ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ